

Monthly Price: Rs. 4 Year: 2010

# ബൈബിൾ
# ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 24** **February 2010** **No.11**

# എഡിറ്റോറിയൽ

വ്യാജാത്മാക്കളുടേയും ഭൂതങ്ങളുടേയും ഉപദേശം കപട ആത്മീയതയുടെ രീതിയിൽ സമൂഹത്തെ ബാധിച്ചിരിക്കുകയാണ്. പലവിധത്തിലും ഭാവത്തിലും ആണ് അവർ രംഗപ്രവേശം ചെയ്യുന്നത്. പണ്ടും ഇവ ഉണ്ടായിട്ടുണ്ട്. ആധുനിക കാലത്തും അവ പടർന്നു പിടിച്ചിരിക്കുകയാണ്. അതിന്റെ കാരണവും അനന്തര ഫലവും ആളുകൾ തിരിച്ചറിയേണ്ടതുണ്ട്. എന്താണ് സത്യം എന്നും എന്താണ് അസത്യം എന്നും ദൈവം വിശുദ്ധ വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. അതു വായിച്ചു മനസ്സിലാക്കുവാൻ ആളുകൾ തയ്യാറാകുന്നില്ല. എവിടെയെങ്കിലും ഒരറ്റം കിട്ടിയാൽ അതു പരിശോധിക്കാതെ അതാണ് ശരി എന്നു കരുതി സ്വീകരിക്കുന്നവരുമുണ്ട്. ദൈവം അങ്ങനെയുള്ളവരെ കുറിച്ചു മുന്നറിയിച്ചിട്ടുണ്ട്. (1) ആളുകൾ സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതിരിക്കുന്നതുകൊണ്ട് അങ്ങനെ ഉള്ളവരിലേക്ക് ദൈവം വ്യാജത്തിന്റെ വ്യാപാരശക്തി അയക്കും. പിന്നെ അവർ സത്യത്തിനെതിരായതെന്തും സത്യമാണെന്നു വിശ്വസിച്ചുപോകും. (2)വേറൊരുകൂട്ടം ആളുകൾ സ്ഥിരമല്ലാത്ത മനസ്സുള്ളവരാണ്. അസ്ഥിരന്മാർക്ക് ഒന്നിലും ഉറപ്പുണ്ടായിരിക്കയില്ല. (3)സ്വാർത്ഥതയും മറ്റൊരു കാരണമായി കാണപ്പെടുന്നുണ്ട്. അതായത്, എന്തെങ്കിലും വ്യക്തിപരമായ ഉദ്ദേശം സാധിക്കുന്നതിനു ചിലർ മാറി മാറി നടക്കും. അത്തരക്കാരെ നാം എത്ര ശ്രമിച്ചാലും അവർ ഒരു സ്ഥാനത്ത് ഉറക്കുകയില്ല.

ഏതു മതമോ, സമുദായമോ, വിഭാഗമോ ആയാലും അവർ പഠിപ്പിക്കുന്നതും, വിശ്വസിക്കുന്നതും, പരിശീലിക്കുന്നതും ബൈബിളിൽ ഉള്ളതാണോ എന്നു ആളുകൾ പരിശോധിക്കണം. കാരണം ഈ അന്ത്യകാലത്ത് മതപരമായ അന്തിമാധികാരം ക്രിസ്തുവിന്റെ വചനത്തിനാണുള്ളത്. വിശ്വാസയോഗ്യമായി തെളിയിക്കപ്പെട്ട ഏക ഗ്രന്ഥം ബൈബിളാണ്. ചരിത്രപരമായും ശാസ്ത്രീയപരമായും പ്രവചനപരമായും അത്ഭുതകരമായും തെളിയിക്കപ്പെട്ട ഏക ഗ്രന്ഥം ബൈബിളാണ്. ദൈവശ്വാസീയമായി രചിക്കപ്പെട്ട ഈ പുസ്തകത്തിൽ ഒന്നിനും കുറവില്ല. മനുഷ്യന്റെ ജീവനും ഭക്തിക്കും വേണ്ടതൊക്കെ ഈ വചനത്തിലുണ്ട്. അതുകൊണ്ട് പൂർണ്ണമായ തിരുവെഴുത്തുകളെ ആരെങ്കിലും എന്തു കാരണം കൊണ്ടായാലും വിട്ടുകളഞ്ഞാൽ അതു തീരാനഷ്ടമായിരിക്കും. ഒരാൾ ശരിയായ വിശ്വാസം ത്യജിച്ചുകളഞ്ഞാൽ പിന്നെ അയാൾ മറ്റെന്തു വിശ്വസിച്ചാലും ദൈവസന്നിധിയിൽ വിശ്വാസത്യാഗം സംഭവിച്ച മനുഷ്യനാണ്. തെറ്റായ വിശ്വാസത്തെ അവിശ്വാസമായിട്ടാണ് ദൈവം കാണുന്നത്. സകല മനുഷ്യർക്കും ദൈവം വിവേചനാശക്തി നല്കിയിട്ടുണ്ട്. നാം അതു ഉപയോഗിക്കണം. ലൗകികമായ കാര്യങ്ങളിൽ ആളുകൾ അതു ശരിയായി ഉപയോഗിക്കുകയും ആത്മിയ കാര്യങ്ങളിൽ ഉപയോഗിക്കാതിരിക്കയും ചെയ്യുന്നതു വിരോധാഭാസമാണ്. നമ്മിൽ എല്ലാവരിലും ഓരോ ആത്മാവിനെ ദൈവം നല്കിയിട്ടുണ്ട്. ആ ആത്മാവിനെ കുറിച്ചുള്ള കാര്യങ്ങളാണ് ദൈവം സുരക്ഷിതമാക്കുവാൻ പറഞ്ഞിട്ടുള്ളത്. അല്ലാതെ ശാരീരികമല്ല.

സുബോധമുള്ളവരിലെല്ലാം ഉത്തരവാദിത്വമുണ്ട്. ദൈവത്തോടുള്ള ഉത്തരവാദിത്വം നാം ആദ്യം മനസ്സിലാക്കണം. പിന്നെ അവനവനോടുള്ള ഉത്തരവാദിത്വം തിരിച്ചറിയണം. ദൈവത്തിലുള്ള വിശ്വാസം ശരിയായാൽ മാത്രമെ എല്ലാ കാര്യത്തിലും നാം ദൈവത്തിൽ ആശ്രയിക്കുകയുള്ളൂ. സത്യ ദൈവത്തിൽ ഏകാഗ്രത സൂക്ഷിക്കണം. ദൈവം ആത്മാവാണ്. ആ ദൈവത്തെ നാം മറ്റൊരു രൂപത്തിലോ, മനുഷ്യരൂപത്തിലോ, പക്ഷികളിലോ, ജന്തുക്കളിലോ കാണരുത്. ദൈവം സർവ്വ വ്യാപിയാണ്. അതിനർത്ഥം അവൻ തൂണിലും തുരുമ്പിലും ഉണ്ട് എന്നല്ല. മനുഷ്യരുടെ ഹൃദയത്തിലാണ് ദൈവം വസിക്കുവാൻ ആഗ്രഹിക്കുന്നത്. തിരുവെഴുത്തുകളെ

ആത്മാർത്ഥമായി വിശ്വസിക്കുന്നവരിൽ ദൈവം പ്രവർത്തിക്കും. അങ്ങനെ ഉള്ളവർക്ക് ഉചിതമായ തീരുമാനം എടുക്കുവാൻ കഴിയും. നിയമലംഘനം ദൈവം വെറുക്കുന്നു. ദൈവകല്പന ലംഘിക്കുന്നതാണ് പാപം. ദൈവവചനത്തെ ആളുകൾ തെറ്റായി വ്യാഖ്യാനിച്ച് ആളുകളെ വഴിതെറ്റിക്കുന്നുണ്ട്. അതെന്താണെന്ന് തിരിച്ചറിയാത്തവർ തെറ്റിദ്ധരിക്കുവാനിടയുണ്ട്. ഒരു കൂട്ടർ ആ വാക്യം എടുത്തുകൊണ്ട് ഓരോ ദിവസവും ചെയ്യുന്ന തെറ്റുകൾ മറ്റൊരാളോടു ഏറ്റു പറയണം എന്നു പഠിപ്പിക്കുന്നുണ്ട്. അതു ദൈവവചന വിരുദ്ധമായ ഉപദേശമാണ്. ദൈവവചനം അനുസരിച്ച ഒരാൾ അബദ്ധവശാൽ തെറ്റു സംഭവിച്ചിട്ടുണ്ടെങ്കിൽ ആരോടാണോ തെറ്റു ചെയ്തതു, ആ വ്യക്തിയോടാണ് ഏറ്റു പറയേണ്ടത് അല്ലാതെ മറ്റൊരാളോടല്ല. അന്യോന്യം പ്രബോധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ഉണ്ട്. അതു ആത്മീയവർദ്ധനവിനുവേണ്ടിയുള്ളതാണ്.

ദൈവം ആഗ്രഹിക്കുന്നതു ഐകമത്യമാണ്. ദുരുപദേഷ്ടാക്കന്മാർ ഭിന്നതയാണ് ഉണ്ടാക്കുന്നത്. ഭിന്നത ദൈവം വെറുക്കുന്ന ഒന്നാണ്. യേശുക്രിസ്തു അവസാനത്തെ പ്രാർത്ഥനയിൽ അപേക്ഷിച്ചത് അവനിൽ വിശ്വസിക്കുന്നവരെല്ലാം ഒന്നാകണമെന്നാണ്. തിരുവെഴുത്തിൽ ഏക ദൈവത്തെയും, ഏക വിശ്വാസത്തേയും, ഏക ഉപദേശത്തേയും, ഏകാത്മാവിനേയും ഏക സഭയേയും ആണ് പറഞ്ഞിരിക്കുന്നത്. അത് ഐക്യതക്കുവേണ്ടിയാണ്. ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവർ ദൈവത്തിനും ദൈവത്തിന്റെ ഉപദേശത്തിനും കീഴ്പ്പെട്ട് കർത്താവു വിലകൊടുത്തു സമ്പാദിച്ച ഏക സഭയിൽ വിശ്വസ്തരായി മരണത്തോളം ജീവിക്കും. അങ്ങനെ അവസാനത്തോളം സഹിച്ചു നില്ക്കുന്നവരാണ് രക്ഷിക്കപ്പെടുന്നത്. അവരെയാണ് കർത്താവുവരുമ്പോൾ വീണ്ടെടുക്കുന്നതും സ്വർഗ്ഗത്തിലേക്ക് എടുക്കുന്നതും. ഈ സത്യം എല്ലാവരും അറിയുകയും വിശ്വസിക്കുകയും പ്രമാണിക്കുകയും ചെയ്താൽ അവസാനം തള്ളപ്പെടുകയില്ല. അല്ലാത്തവരെല്ലാം തള്ളപ്പെടും. ദൈവത്തിന്റെ വചനം എന്നേക്കും ഉള്ളതാണ്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല എന്നോർക്കുക.

✶

# ആരുമായി കൂട്ടായ്മ ആകാം

## J.C. ചോട്ട്

കൂട്ടായ്മ എന്നുവെച്ചാൽ സ്നേഹബന്ധം, ബന്ധപ്പെടൽ, അന്യോന്യം ഉള്ള ഉൾപ്പെടൽ എന്നൊക്കെ അർത്ഥമുണ്ട്. പക്ഷെ ഇതു സ്വീകരിക്കുന്നതു ചില നിയമാവലികളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിലാണ്. ആത്മിയമായി ഇതു, ഒരേ കുടുംബത്തിലുള്ളവർ തമ്മിലുള്ള ബന്ധമാണ്. അതു ദൈവകല്പനകൾ വിശ്വസിക്കുന്നതിലും അനുസരിക്കുന്നതിലും ഉള്ള യോജിപ്പിന്റെ അടിസ്ഥാനത്തിലാണ്. അതു ദൈവവചനമെന്ന അടിസ്ഥാനത്തിന്മേലായിരിക്കണം. വചനത്തിനെതിരായ രീതിയിലുള്ള കൂട്ടായ്മ ദൈവം വെറുക്കുന്ന ഒന്നാണ്. നമുക്കു ചിലരുമായി കൂട്ടായ്മ ആകാം എന്നു പറയുമ്പോൾ, കൂട്ടായ്മ പുലർത്താൻ പാടില്ലാത്ത ആളുകളുമുണ്ടെന്നർത്ഥം. ആദ്യമായി നമുക്കു ആരുമായി കൂട്ടായ്മ പാടില്ല എന്നു നോക്കാം. അതിനുശേഷം ആരൊക്കെയായിട്ടു കൂട്ടായ്മ ആകാം എന്നു നോക്കാം.

1. സാത്താൻ അല്ലെങ്കിൽ പിശാച്. ദൈവത്തിനെതിരായി പ്രവർത്തിക്കുന്ന പിശാചുമായി നമുക്കു കൂട്ടു പാടില്ല. കാരണം അതു ദൈവത്തിനു അനിഷ്ടമാണ്. അപ്പൊസ്തലനായ പൗലൊസ് അതിന്റെ കാരണം വ്യക്തമാക്കിയിട്ടുണ്ട്. "അല്ല ജാതികൾ ബലി കഴിക്കുന്നതു ദൈവത്തിനല്ല, ഭൂതങ്ങൾക്കു കഴിക്കുന്നു എന്നത്രെ, എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്കു മനസില്ല. നിങ്ങൾക്കു കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല. നിങ്ങൾക്കു കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല (1 കൊരിന്ത്യർ 10:20-21). അതുകൊണ്ട് ക്രിസ്തുവിലായി തീർന്നവർക്ക് സാത്താനുമായി കൂട്ടുകൂടാൻ പാടില്ല.

2. അവിശ്വാസികൾ. ദൈവത്തിലും അവന്റെ വചനത്തിലും വിശ്വാസം ഇല്ലാത്തവരുമായി ബന്ധപ്പെടാവുന്നതല്ല. ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു (സങ്കീർത്തനം 14:1). വിശ്വാസികൾക്കു വിശ്വാസികളുമായി കൂട്ടായ്മ ആകാം. അവിശ്വാസികളുമായി ഇണ ചേരാവുന്നതല്ല.

3. പാപികൾ. പാപത്തിൽ തുടർച്ചയായി ജീവിക്കുന്നവരുടെ ആത്മിയ കാര്യങ്ങളിൽ ബന്ധപ്പെടാവുന്നതല്ല. പാപികളെ രക്ഷിപ്പാനാണ് മനുഷ്യപുത്രൻ വന്നതു (1 തിമൊഥെയൊസ് 1:15). എന്നാൽ പാപത്തെ വെറുക്കുന്നവനാണ് ദൈവം. പാപത്തെ ഒരിക്കലും പ്രോൽസാഹിപ്പിക്കാവുന്നതല്ല. പാപികളോടു സംസാരിക്കരുതെന്നോ അവരുടെ തെറ്റുകൾ തിരുത്തരുതെന്നോ ഇതിനർത്ഥമില്ല. യേശുക്രിസ്തു അനേകം പാപികളോടു സംസാരിച്ചിട്ടുണ്ട്. അവരുടെ രോഗങ്ങൾ നീക്കം ചെയ്തിട്ടുണ്ട്.

4. ലൗകികമായി. ലോകത്തിലുള്ളതിനെ ഒന്നും നാം സ്നേഹിക്കരുത്. ലോകസ്നേഹം ദൈവത്തോടു ശത്രുതയാകുന്നു (1 യോഹന്നാൻ 2:15). ലോകം ദൈവത്തിന്റെ സൃഷ്ടിയാണ്. പക്ഷെ ദൈവത്തേക്കാൾ കൂടുതൽ നാം ലോകത്തിലുള്ളതിനെ സ്നേഹിക്കാവുന്നതല്ല. അതു നമ്മുടെ ആത്മീയ നിലവാരത്തെ താഴ്ത്തിക്കളയും. ലോകവും ലോകത്തിന്റെ മോഹവും ഒഴിഞ്ഞുപോകും. എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും.

5. ദുരുപദേഷ്ടാക്കന്മാർ. തെറ്റായ ഉപദേശങ്ങളെ പഠിപ്പിക്കുന്നവർ ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവരാണ്. കള്ള പ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും ദൈവനിയമത്തെ മറിച്ചു കളയുന്നവരാണ്. അവരുമായി ബന്ധപ്പെടാവുന്നതല്ല. ചില ഉപദേശങ്ങളിൽ മാത്രമെ വ്യത്യാസമുള്ളൂ എന്നു കരുതി അവരുമായി കൂട്ടുചേർന്നു പ്രവർത്തിക്കുന്നവരുണ്ട്. അതു തെറ്റാണ്. അങ്ങനെ ചെയ്താൽ അവരുടെ ദുഷ്പ്രവർത്തിക്കു പങ്കുകാരായി തീരും. അതുകൊണ്ടാണ് ദൈവം അതു വിലക്കിയിരിക്കുന്നത്. മനുഷ്യരുടെ ഉപദേശങ്ങൾ പ്രമാണിക്കുന്നവരുടെ ആരാധനപോലും വെറുതെയാണ് (മത്തായി 15:9).

6. അവിശ്വസ്തരുമായി. സത്യത്തിന്റെ പരിജ്ഞാനത്തെ കൈക്കൊണ്ടിട്ടു പിൻതിരിഞ്ഞുപോയ ആളുകൾ ദൈവ കല്പനയെയും യേശുവിന്റെ നിയമ രക്തത്തെയും നിന്ദിച്ചവരാണ്. അവരുമായി യാതൊരു ബന്ധവും പാടില്ല. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നകന്നു പോകുന്നവർ വീട്ടിൽ വന്നാൽ അവരെ സ്വീകരിക്കരുത് എന്നു പറഞ്ഞിരിക്കുന്നു. അവർ ദൈവമില്ലാത്തവരാണ്. അവരുമായി കുശലം പറയുക പോലും അരുത്. അവർ

ക്രിസ്തുവിന്റെ ഉപദേശത്തെ മാനിക്കാത്തവരാണ്. നാം അങ്ങനെയുള്ളവരുടെ ആത്മിയമായ കാര്യങ്ങളിൽ ഇടപെടാൻ പാടില്ല. അവരുടെ തെറ്റു തിരുത്താം. യഥാസ്ഥാനപ്പെടുത്തുവാൻ ശ്രമിക്കാം. പക്ഷെ അവരുടെ സ്വാധീനം നമ്മെ ഒരിക്കലും ബാധിക്കരുത്.

7. വചനപ്രകാരം മുടക്കിയവർ. ഒരാൾ സത്യം അനുസരിച്ചശേഷം അയാൾ തെറ്റിപോയാൽ രണ്ടോമൂന്നോപേർ പോയി തെറ്റു ബോധ്യപ്പെടുത്തുകയും അതിന്റെ ഫലമായി തിരുത്താതിരുന്നാൽ സഭയായി അതുണർത്തുകയും ചെയ്തിട്ടും അയാൾ മാനസാന്തരപ്പെടാഞ്ഞാൽ നാം അങ്ങനെയുള്ളവരെ സഭയുടെ കൂട്ടായ്മയിൽ നിന്നു മുടക്കുന്നു. അങ്ങനെയുള്ളവരുമായി, അയാൾ മാനസാന്തരപ്പെടുന്നതുവരെ കൂട്ടായ്മ പാടില്ല (മത്തായി 18:15-17).

8. നമുക്ക് കൂട്ടായ്മ പുലർത്താൻ പറ്റുന്നവർ ആരെല്ലാമെന്നു നോക്കാം.

(a) സുവിശേഷം അനുസരിച്ചവർ. ആദ്യം വചനം അനുസരിച്ചു കഴിഞ്ഞവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേൾക്കുകയും കൂട്ടായ്മ ആചരിക്കയും ചെയ്തു (പ്രവൃത്തികൾ 2:38-47).

(b) കർത്താവിന്റെ സഭയിലെ ദൈവമക്കളുമായിട്ട് അല്ലെങ്കിൽ സഭയുമായിട്ട്. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു(പ്രവൃത്തികൾ2:47). ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നാം ദൈവമക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നവർ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:26-27).

(c) ക്രിസ്തുവിൽ ആയി തീർന്നവർ. കർത്താവിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നതെന്തെന്നാൽ, സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നുതന്നെ സംസാരിക്കയും ഏകാഭിപ്രായത്തിലും ഏക മനസ്സിലും യോജിച്ചിരിക്കുകയും വേണം എന്നത്രേ പൗലൊസ് പ്രബോധിപ്പിച്ചതു (1 കൊരിന്ത്യർ 1:10).

(d) വചനപ്രകാരം ഒരേ നാമം സ്വീകരിച്ചിരിക്കുന്നവരുമായി (പ്രവൃത്തികൾ 4:12).

(e) സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവരുമായി സ്വീകാര്യമായ ആരാധന നടത്തുന്നവരുമായി മാത്രമെ നാം കൂട്ടായ്മ പങ്കിടാവൂ.

(f) ഒരേ സുവിശേഷം പ്രസംഗിക്കുന്നവരും അതനുസരിച്ച് ജീവിക്കുന്നവരുമായി നമുക്ക് കൂട്ടായ്മ ആകാം.

(g) വിശ്വസ്തത കാത്തു സൂക്ഷിക്കുന്നവരുമായി. മരണപര്യന്തം വിശ്വസ്തരായി ജീവിച്ചാൽ ദൈവത്തിന്റെ നിത്യജീവനു അവകാശി യായി തീരും (വെളിപ്പാട് 2:10).

നിങ്ങൾക്കു ദൈവത്തോടും അവന്റെ മക്കളോടും കൂട്ടായ്മ ഉണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ പ്രത്യാശയില്ലാത്ത നഷ്ടപ്പെട്ടവരാണ്. കർത്താവിങ്കലേക്കു തിരിഞ്ഞു അവന്റെ വചനപ്രകാരം രക്ഷിക്ക പ്പെട്ടാൽ നിങ്ങൾക്കു ദൈവത്തോടും തന്റെ ഭവനമാകുന്ന സഭ യോടും കൂട്ടായ്മ ഉണ്ടാകും.

✶

സ്ത്രീകൾക്കു വേണ്ടി

# നിങ്ങൾ നഷ്ടപ്പെട്ടവനാണ്

## ബെറ്റി ബർട്ടൻ ചോട്ട്

ഉറക്കം പിടിച്ച തിമൊഥിയെ പിടിച്ചുകൊണ്ട് റേച്ചൽ ഇരുന്നു: രാവിലെ മുതൽ കളിച്ച ക്ഷീണമായിരുന്നു അവനു. അതുകൊണ്ട് അവളുടെ മടിയിൽ കിടന്നു അവൻ ഉറക്കം പിടിച്ചു. നല്ലൊരു മകനെ ലഭിച്ചതിൽ അവൾ ദൈവത്തിനു നന്ദിയുള്ളവളായിരുന്നു. അവൻ വളർന്നുവന്നപ്പോൾ ബലമുള്ള ആരോഗ്യമുള്ള ബാലനായി തനിക്കു ചുറ്റുമുള്ള കാര്യങ്ങളെ വീക്ഷിക്കുന്ന ശ്രദ്ധാലുവായി തീർന്നു. അവന്റെ തലയിലെ മുടി തടവിക്കൊണ്ടു അവൾ ചോദിച്ചു, നീ ആരായി തീരും? മറ്റുള്ളവരിൽ നിന്നും നീ വേർതിരിവുള്ളവനായി എങ്ങനെ ആകും? ഞങ്ങൾ നിന്നെ ഏതു വിധത്തിൽ സഹായിക്കും? അവൾ തന്നെ അതിനുത്തരം കണ്ടെത്തി. ദൈവവഴിയിൽ, ദൈവ ത്തിനു പ്രാധാന്യം കൊടുക്കുന്ന ഒരു ജീവിതത്തിനായി നിന്നെ ഉയർത്തും.

അവൾ ഇങ്ങനെ ചിന്തിച്ചപ്പോഴേക്കും ആൻഡ്രു വാതിൽക്കൽ വന്നു. തിമൊഥിയെ കിടക്കയിൽ കിടത്തിയിട്ടു അവൾ ചോദിച്ചു, "ഇതെന്താ ഇത്ര നേരത്തെ? എന്തെങ്കിലും കുഴപ്പം? ആൻഡ്രു പറഞ്ഞു: കുഴപ്പമൊന്നും ഇല്ല, ബൈബിൾ പഠനത്തെക്കുറിച്ച് ചിന്തി

ച്ചപ്പോൾ പെട്ടെന്ന് ഒരാശയം കടന്നുവന്നു. നമ്മൾ പഠിച്ചതും മനസ്സിലാക്കിയതും അനുസരിച്ച് ആദ്യ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടു സഭയോടു ചേർക്കപ്പെട്ടതുപോലെ ഞാൻ ആയില്ലല്ലൊ എന്ന തോന്നൽ എന്നിൽ വന്നു. രക്ഷിക്കപ്പെടാത്ത ഞാൻ നഷ്ടപ്പെട്ടവനാണ്. ഞാൻ എന്നെ നോക്കുമ്പോൾ നല്ലൊരു വ്യക്തിയാണ്, രാജ്യത്തിന്റെ നിയമങ്ങൾ എല്ലാം അനുസരിക്കുന്നുണ്ട്. നല്ലൊരു ഭർത്താവാണ്. പക്ഷെ ദൈവനിയമം അനുസരിക്കാതിരുന്ന ഞാൻ നഷ്ടപ്പെട്ടവൻ തന്നെയാണ്. ഇന്നു ഞാൻ ഇങ്ങനെ മരിച്ചാൽ എന്റെ ആത്മാവിനു നിത്യ നാശമായിരിക്കും ഫലം. ക്രിസ്തുവിനെ ഞാൻ സ്നേഹിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു മാത്രമായില്ലല്ലൊ എന്നു പറഞ്ഞു.

ആ നഷ്ടത്തെ കുറിച്ചു കേട്ടപ്പോൾ റേച്ചലിന്റെ കണ്ണു നിറഞ്ഞു. നാം ഈ കാര്യങ്ങൾ എല്ലാം ബൈബിളിൽ നിന്നു വായിച്ചു മനസ്സിലാക്കി. പക്ഷെ അതനുസരിക്കേണ്ട അത്യന്താവശ്യകത ബോധ്യമായില്ല. പാപക്ഷമാപണത്തിനായി നാം കർത്താവിനെ അനുസരിച്ചാൽ നാം അവന്റെ ഭവനത്തിലേക്കു ജനിക്കപ്പെടും. "എനിക്ക് അറിഞ്ഞുകൂടാ നാം എങ്ങനെ സ്നാനപ്പെടും" ആൻഡ്രു ചോദിച്ചു. പുതിയ നിയമത്തിൽ നാം വായിക്കുന്നതുപോലെ ആരും പഠിപ്പിക്കുന്നില്ല. അപ്പോൾ പിന്നെ ആർക്കു നമ്മെ സ്നാനപ്പെടുത്തുവാൻ കഴിയും?"

അവർ രണ്ടുപേരും കുറെ നേരം മൗനമായിരുന്നു ബൈബിൾ വായിക്കുവാൻ തുടങ്ങി. അപ്പോഴാണ് പ്രവർത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ വായിച്ചത്, "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തി 2:38). അപ്പോൾ റേച്ചലും മറ്റൊരു വേദഭാഗം വായിച്ചതു എടുത്തുകാണിച്ചു. "ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ (മത്തായി 28:19).

റോമാ ലേഖനത്തിൽ വായിച്ചതും അപ്പോൾ ഓർമ്മ വന്നു. ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കാളിയാകുന്നതിനുള്ള സ്നാനം അടക്കമാണെന്നു വ്യക്തമായി. ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുള്ള സ്നാനത്തിന്റെ പ്രത്യേകത എങ്ങനെ നീട്ടി വെക്കാനാകും എന്നതാണ് പ്രശ്നം. എന്തെല്ലാം ചെയ്യണമെന്ന് അവർ ഒരു പേപ്പറിൽ എഴുതുവാൻ തുടങ്ങി. ആദ്യമായി വചനം കേട്ടു ക്രിസ്തുവിൽ വിശ്വസിക്കുക: പിന്നെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുക. അതിനുശേഷം സ്നാനപ്പെടണം. ഇത്രയുമായപ്പോൾ റേച്ചലിനു മറ്റൊരു കാര്യം ഓർമ്മ വന്നു. അതു ക്രിസ്തുവിനെ ഏറ്റു പറയണം എന്നതായിരുന്നു. ഫിലിപ്പൊസ് ഷണ്ഡനോടു പ്രസംഗിച്ചതും അവൻ സ്നാനം ഏല്ക്കുവാൻ മനസ്സു കാണിച്ചപ്പോൾ ഫിലിപ്പൊസ് പറഞ്ഞതും അവൻ ഏറ്റുപറഞ്ഞതും അവർ വായിച്ചു (പ്രവൃത്തികൾ 8:36-39).

ബൈബിളിൽ നിന്നും പഠിച്ച ഇവർ അതനുസരിക്കുവാൻ എങ്ങനെ കഴിയും എന്നോർത്തു. അവസാനം അവർ അടുത്തുള്ള ഒരുപദേഷ്ടാവിനെ സമീപിച്ച് അവരെ സ്നാനപ്പെടുത്തുവാൻ ആവശ്യപ്പെട്ടു. അവർ സ്നാനം ഏറ്റു. അന്നുമുതൽ അവർ കർത്താവിന്റെ സഭയിൽ അംഗങ്ങളായി തീർന്നു. അവർ മുൻപു ലഭിച്ച സന്തോഷദിനങ്ങൾ എല്ലാം ഓർത്തു. പക്ഷെ അതിനേക്കാൾ ഏറ്റവും അധികം സന്തോഷം നല്കിയ ദിവസം ആയിരുന്നു അത്. ഇതൊരു ആരംഭം മാത്രമെ ആകുന്നുള്ളൂ. ഇനി അങ്ങോട്ടുള്ള നമ്മുടെ ജീവിതം വചനപ്രകാരം ആയിരിക്കണം എന്നു രണ്ടുപേരും തീരുമാനിച്ചു.

നാം അറിഞ്ഞ ബൈബിളിലെ ഈ സത്യം നമ്മുടെ കുടുംബാംഗങ്ങളെയും സ്നേഹിതരേയും ബന്ധുക്കളേയും അറിയിക്കണ്ടേ? റേച്ചലിനു സംശയമായി. ഉടനെ ആൻഡ്രൂ, യേശുവിന്റെ കല്പനയെ ഓർത്തു. ലോകത്തിൽ എല്ലായിടത്തും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ." അതുകൊണ്ടു നാം വിശ്വസിച്ചതും തീർച്ചയാക്കിയതുമായ യാഥാർത്ഥ്യം നാം എല്ലാവരോടും പറയണം. അതിൽ യാതൊരു വിട്ടുവീഴ്ച്ചയും പാടില്ല. പക്ഷെ അതിനുമുൻപ് ഞായറാഴ്ച്ച ആരാധന നടത്തുന്നതിനെ കുറിച്ച്

ചിന്തിക്കാം എന്നു റേച്ചൽ പറഞ്ഞു. ആരാധനക്കു എന്തെല്ലാം വേണമെന്നു അവർ തിരുവചനത്തിൽ പരിശോധിച്ചു. പുളിപ്പില്ലാത്ത ഗോതമ്പപ്പം, മുന്തിരിച്ചാറ് എന്നിവ വേണം. ഗോതമ്പപ്പം ഉണ്ടാക്കുവാൻ പ്രയാസമില്ലെന്നു റേച്ചൽ പറഞ്ഞു. അപ്പോൾ പിന്നെ മുന്തിരിങ്ങാ വാങ്ങി ചാറെടുക്കുന്ന കാര്യവും എളുപ്പം. ബൈബിളിലെ ഒരു വേദഭാഗം എടുത്തു സംസാരിക്കുവാൻ ആൻഡ്രുവും തയ്യാറായി. അങ്ങനെ പ്രാരംഭ ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിച്ച രീതിയിൽ തന്നെ അവർ ആരാധിക്കുവാൻ തുടങ്ങി.

ആ രാത്രിയിൽ അവർ ഉറങ്ങാൻ കിടക്കുന്നതിനു മുൻപ് അവരുടെ വേണ്ടപ്പെട്ടവരുടെ പേരുകൾ ഓർമ്മിച്ചു അവരെ ആരാധനക്കു ക്ഷണിക്കുവാൻ തീരുമാനിച്ച് പ്രാർത്ഥിച്ചു. ബൈബിൾ ശരിയായി മനസ്സിലാക്കുവാൻ ദൈവം അവർക്കു വേണ്ട ബുദ്ധിയും അറിവും പകരേണ്ടതിനു അവർ ദൈവത്തോടു അപേക്ഷിച്ചു. പാപം ക്ഷമിച്ചുകിട്ടിയ പുതിയ ബന്ധത്തിൽ അവർക്കു ദൈവത്തോടു കൂടുതൽ അടുപ്പം തോന്നി. വിലയേറിയ സത്യം അവരെ പഠിപ്പിച്ചതിനും പാപം മോചിച്ചു കൊടുത്തതിനും അവർ ദൈവത്തെ പുകഴ്ത്തി. നമ്മുടെ ഈ പ്രദേശത്തിനു മുഴുവൻ നാം ശരിയായ മാതൃക കാണിച്ചു കൊടുക്കണം എന്ന അഭിപ്രായത്തിൽ അവർ യോജിച്ചു. കുട്ടികൾക്കു വേണ്ടിയും അവർ പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർക്കു രണ്ടുപേർക്കും എന്തെന്നില്ലാത്ത സന്തോഷം ഉണ്ടായി.

✶

## "പുതിയ" കൃപയോ?

### ജോൺ ജിപ്സൺ

കൃപ എന്ന വാക്കിന്റെ അർത്ഥം അനർഹമായ ഉപകാരം എന്നാണ്. അതായതു നമുക്കു അതിനു യാതൊരു യോഗ്യതയുമില്ല എന്നർത്ഥം. മറ്റൊരാളുടെ ഔദാര്യത്താൽ സൗജന്യമായി ലഭിക്കുന്നതിനെയാണ് കൃപ എന്നു പറയുന്നത്. നാം കൃപയാൽ രക്ഷിക്കപ്പെടുന്നു. എന്റെ ജീവിതം മുഴുവൻ കേട്ടിട്ടുള്ളതും വിശ്വസിച്ചതും പ്രസംഗിച്ചതും അതു തന്നെയാണ്. മനുഷ്യനു തന്റെ രക്ഷനേടുവാൻ

തന്റേതായി ഒന്നും ചെയ്യുവാൻ ഇല്ല. അതിന്റെ അർത്ഥം അനുസരണം വേണ്ട എന്നല്ല. പക്ഷെ മനുഷ്യന്റെ പുണ്യ പ്രവർത്തികളാലല്ല ദൈവം മനുഷ്യനെ രക്ഷിക്കുന്നത്. ദൈവത്തിൽ നിന്നും വരുന്ന സൗജന്യദാനമാണ് രക്ഷ. കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. അതിനു പ്രവൃത്തികൾ കാരണമല്ല. ദൈവദാനമാണ് രക്ഷ. അതാണ് സുവിശേഷ സത്യം. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സന്ദേശമാണത്.

എന്നാൽ പല ഭാഗങ്ങളിലും ഇന്നു പറഞ്ഞു കേൾക്കുന്നതു മനുഷ്യന്റെ ഭാഗത്തുനിന്നു ഒന്നും ചെയ്യേണ്ടതായിട്ടില്ല എന്നതാണ്. മനുഷ്യൻ വെറുതെ കയ്യും കെട്ടി ഇരുന്നാൽ മതി ദൈവം രക്ഷിച്ചു കൊള്ളും എന്ന സൂചനയാണ് ആളുകൾ നല്കുന്നത്. ഒരു സാധനം ആരെങ്കിലും വെറുതെ തരാമെന്നു പറഞ്ഞാൽ പോലും അതു കൈപ്പറ്റണമല്ലോ. സ്വീകരിക്കേണ്ട കടമ മനുഷ്യന്റേതാണ്. രക്ഷയും അതുപോലെ തന്നെയാണ്. ബൈബിൾ പറയുന്ന കൃപാദാനത്തെ കുറിച്ച് പരിജ്ഞാനമില്ലാത്തവരാണ് ഇങ്ങനെ സംസാരിക്കുന്നത്. തിരുവെഴുത്തിലെ സത്യത്തെ വളച്ചൊടിക്കുന്നവരാണ് സത്യത്തെ മറെച്ചു പിടിക്കുന്നത്. മനുഷ്യനു രക്ഷവേണ്ടി വന്നതു തന്റെ പാപം നിമിത്തം ആയിരുന്നു. തെറ്റു ചെയ്യുമ്പോൾ അവനിലെ ദൈവാത്മാവ് അവനിൽ നിന്നു വേർപിരിയുന്നു. പ്രവർത്തിദോഷം കൊണ്ടു സംഭവിച്ച നഷ്ടം നികത്തുവാനോ പരിഹരിക്കുവാനോ മനുഷ്യനാൽ അസാദ്ധ്യം. അതുകൊണ്ടാണ് ദൈവം തന്റെ കരുണയാൽ ഒരു നീതിപൂർവ്വമായ വഴി ഒരുക്കിയത്. സകല മനുഷ്യരേയും രക്ഷിക്കുന്നതു ഏക മാർഗ്ഗത്താലത്രെ. രക്ഷക്കു ദൈവത്തെയാണ് ആശ്രയിക്കേണ്ടത്.

ഞാൻ നഷ്ടപ്പെട്ടതിനു എനിക്കു ദൈവത്തെ പഴിക്കാമോ? ഒരിക്കലുമില്ല. കാരണം അതെന്റെ തെറ്റുകൊണ്ടു സംഭവിച്ചതാണ്. എന്റെ ഉത്തരവാദിത്വത്തെ ഞാൻ കാണാതിരിക്കരുത്. ഒരു പ്രത്യേക വിഭാഗത്തെ മാത്രം രക്ഷിക്കുക എന്ന ആശയം ദൈവത്തിന്റേതല്ല. ആരും നശിച്ചുപോകണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല (1 തിമൊഥെയൊസ് 2:4). ദൈവസ്നേഹവും ദൈവകൃപയും എല്ലാവർക്കുമായി തുറന്നുവെച്ചിരിക്കുന്നു. ഈ ലോകത്തുള്ള സകല മനുഷ്യരും ദൈവത്തിന്റെ സന്താനങ്ങൾ അത്രെ. ആരെയും ഒഴിവാക്കുന്ന

ഒന്നല്ല ദൈവപദ്ധതി. ദൈവ കൃപ എന്ന അവസരം ആളുകൾ പാഴാക്കി കളഞ്ഞാൽ അതിനു ദൈവത്തിനു എന്തു ചെയ്യുവാൻ പറ്റും? ദൈവനീതിയും ദൈവനിയമവും പാലിക്കപ്പെടണം. ദൈവം ആരുടേയും മുഖം നോക്കി പ്രവർത്തിക്കുന്നവനല്ല. അപ്പൊസ്തലനായിരുന്ന പത്രൊസ് ഇതു പറയുന്നുണ്ട്. അപ്പോൾ പത്രൊസ് വായി തുറന്നു പറഞ്ഞു തുടങ്ങിയത്: ദൈവത്തിനു മുഖപക്ഷം ഇല്ല, എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു (പ്രവൃത്തികൾ 10:34-35). ദൈവത്തിന്റെ ആത്മീയ നിലവാരത്തെ ജനങ്ങൾ മാനിക്കണമെന്നതാണ് ദൈവത്തിന്റെ ഉദ്ദേശം.

## ഒരു സഭ മറ്റേതുപോലെ നല്ലതോ?

**ഡാൽട്ടൺ കി**

അതു സത്യമാണെന്നു കേട്ടവർ വിശ്വസിച്ചു. അവരുടെ ഭാഗത്തു നിന്നും ചെയ്യേണ്ടതു അവർ ചെയ്തു. അതായതു അവരുടെ ആത്മരക്ഷക്കായി അവർ ദൈവവചനം ആവശ്യപ്പെടുന്നതു അങ്ങനെ തന്നെ ചെയ്തു. രക്ഷിക്കപ്പെടുന്നവരെ ഒരു കൂട്ടമായി നിലനിർത്താനായിട്ടാണ് കർത്താവ് അവരെ സഭയിലേക്കു ചേർത്തുകൊണ്ടിരുന്നത്. അവർ ഛിന്നഭിന്നമായി പോകരുത് എന്നു കർത്താവു ആഗ്രഹിച്ചു. ലൂക്കൊസിന്റെ വിവരണം യേശുക്രിസ്തുവിന്റെ അവസാനത്തെ പ്രാർത്ഥനയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ക്രിസ്തുവിൽ വിശ്വസിപ്പാനുള്ളവർ ഒന്നായി തീരണമെന്നതായിരുന്നു ദൈവേഷ്ടം. അപ്പോൾ അതിൽ നാമധേയ ചിന്ത ഒരിക്കലും ഇല്ലായിരുന്നു.

ക്രിസ്തുവിനു ശരീരം ഒന്നു മാത്രമാണ്. ആ ശരീരമാണ് അവന്റെ സഭ. അവൻ പണിതതും അതു തന്നെ. ഒന്നിൽ നിന്നു വേർപിരിഞ്ഞ ശാഖകളായി അറിയപ്പെടാൻ ദൈവം ഉദ്ദേശിച്ചിട്ടില്ല. ദൈവ കല്പനകൾ കൈക്കൊള്ളുന്നവരെയാണ് ദൈവത്തിനിഷ്ടം. അവന്നു കീഴ്പ്പെട്ടു ജീവിക്കാൻ ധൈര്യം കാണിക്കുന്നവരെ കർത്താവു താങ്ങും. സഭയെന്ന ശരീരത്തിലേക്കു വ്യക്തികളായ

സ്ത്രീ പുരുഷന്മാരെ ശുദ്ധീകരിച്ചു കൂട്ടിചേർക്കുകയാണ് ക്രിസ്തു. ഓരോ അവയവവും അതതിന്റെ പ്രവൃത്തിചെയ്യേണ്ടതിനാണ് വ്യക്തികളെ ഇങ്ങനെ ഏക ശരീരത്തിലേക്കു കൂട്ടി ചേർക്കുന്നത്. ശരീരം ഒന്നു മാത്രമാണ്; രക്ഷിതാവും കർത്താവും ഒരുവൻ മാത്രം (എഫെസ്യർ 4:4). എപ്പോഴായാലും എവിടെയായാലും ദൈവ വചനത്തിനു കീഴ്പ്പെട്ടു ക്രിസ്തുവിന്റെ ആജ്ഞകൾ അനുസരി ക്കാൻ സമർപ്പിക്കപ്പെട്ടവരെയാണ് ദൈവം തന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഭൗതികമായ രീതിയിൽ ചേർക്കപ്പെടുന്ന സംഘങ്ങൾ ഒന്നും ഇതിൽ പെടുന്നതല്ല. ഏക നിയമം ആണ് ഇതിന്റെ പൗരത്വത്തിലുള്ളവർക്കു അനുഷ്ഠിക്കാനുള്ളത്.

ഏതൊരു മനുഷ്യനെയും രക്ഷിക്കാനുള്ള അധികാരവും അവകാശവും ക്രിസ്തുവിനുണ്ട്. പക്ഷെ അവന്റെ ഉപദേശത്തിൽ പൂർണ്ണ വിശ്വാസം അർപ്പിക്കാത്തവരെ അവൻ എങ്ങനെ രക്ഷിക്കും? അതു അസാദ്ധ്യമാണ്. ചിലർ വിശ്വസിക്കുന്നു എന്ന് അവകാശ പ്പെടും പക്ഷെ അവൻ ചെയ്യാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യുകയില്ല. മാനസാന്തരപ്പെടാൻ പറഞ്ഞിരിക്കുന്നതു പ്രവൃത്തി പഥത്തിൽ കൊണ്ടുവരികയില്ല. അപ്പോൾ പിന്നെ, അവരുടെ വിശ്വാസത്തിനു എന്തു ഫലം? വേറെ ചിലരുണ്ട്. ക്രിസ്തുവിന്റെ ഉപദേശപ്രകാരമുള്ള സ്നാനത്തിനു പകരം മനുഷ്യർ പഠിപ്പിക്കുന്ന സ്നാനമേൽക്കും. എന്നിട്ടു അവർ ക്രിസ്ത്യാനികളായി തീർന്നു എന്നു കരുതും. പക്ഷെ ക്രിസ്തു അതു അംഗീകരിക്കയില്ല എന്നു ഇവർ അറിയുന്നില്ല. ദൈവത്തെ അനുസരിക്കുന്നവർ ദൈവം പഠിപ്പിച്ചിരിക്കുന്നതു അങ്ങനെ തന്നെ അനുസരിക്കണം. മനുഷ്യർ പഠിപ്പിക്കുന്ന രീതിയിലല്ല ദൈവത്തെ പ്രസാദിപ്പിക്കേണ്ടത്. സഭയുടെ ഏക തല ക്രിസ്തുവാണ്. സഭയുടെ അധികാരിയുടെ അധികാരത്തെ എല്ലാവരും മാനിക്കണം (എഫെസ്യർ 1:22-23). ആകയാൽ ഏക സഭയാകുന്ന ക്രിസ്തുവിന്റെ സഭ എല്ലാ കാര്യത്തിലും അവനു കീഴ്പ്പെട്ടിരിക്കണം. വിശ്വാസത്തിൽ, പരിശീലനത്തിൽ, ശുശ്രൂഷ കളിൽ, ആരാധനയിൽ ഒക്കെ അങ്ങനെ തന്നെ വേണം (എഫെസ്യർ 5:24; കൊലൊസ്യർ 3:17).

ഈ കാര്യങ്ങൾ എല്ലാം ബൈബിളിൽ നിന്നു മനസ്സിലാക്കിയാൽ ആർക്കു പറയുവാൻ കഴിയും എല്ലാ സഭകളും ഒരുപോലെ

യാണെന്ന്? അല്ലെങ്കിൽ ഒന്നു മറ്റൊന്നുപോലെയാണെന്ന്? ആത്മാർത്ഥതയുള്ള ആർക്കും അങ്ങനെ പറയുവാൻ കഴിയുകയില്ല. തിരുവെഴുത്തിൽ പ്രതിപാദിച്ചിരിക്കുന്ന സത്യസഭയിലാണോ നിങ്ങൾ? അല്ലെങ്കിൽ കർത്താവിന്റെ സഭ കണ്ടെത്തി വിശുദ്ധന്മാരുമായി കൂട്ടായ്മ പുലർത്താൻ നിങ്ങൾ പരിശ്രമിക്കുക. അപ്പോൾ ആ വ്യത്യാസം നിങ്ങൾക്കു അനുഭവിക്കാൻ കഴിയും.

✶

# പൗലൊസിന്റെ ജീവിതം തൊട്ടറിഞ്ഞ ചിലർ

## അലെൻ വെബ്സ്റ്റർ

### ക്രേസ്തേസ് (2 തിമൊഥെയൊസ് 4:10) പേരറിയാത്ത സഹപ്രവർത്തകൻ

അവനെ പൗലൊസ് ഗലാത്യയിലേക്കു അയച്ചതാകാം. അവനെ കുറിച്ചു മറ്റൊന്നും നമുക്ക് അറിഞ്ഞുകൂടാ. ആവശ്യ സമയത്തു പൗലൊസിനെ സഹായിക്കാനായി അവൻ ഉത്തേജനമായി നിലകൊണ്ടു. പൗലൊസിന്റെ ആദ്യത്തെ തടവിന്റേയും രണ്ടാമത്തെ തടവിന്റെയും ഇടക്ക് സ്പെയിനിലേക്കു യാത്ര തിരിച്ചപ്പോൾ ആയിരിക്കണം ക്രേസ്തേസ് ഗലാത്യയിലേക്കു പോയതു എന്നു കരുതാം. ആ വഴിക്ക് അവൻ ഫ്രാൻസിലും ഇടവകകൾ ആരംഭിച്ചിരിക്കണം. കർത്താവിന്റെ നാമത്തിനുവേണ്ടി സഹായിയായി പ്രവർത്തിക്കുമ്പോൾ വളരെയധികം അറിയപ്പെടണമെന്നില്ല എന്ന പാഠമാണ് ക്രേസ്തേസിൽ നിന്നും നാം പഠിക്കുന്നത്. കാരണം നാം ചെയ്യുന്ന പ്രവർത്തികൾ അറിയേണ്ടതു ദൈവമാണ്.

### തീത്തൊസ് (2 തിമൊഥെയൊസ് 4:10) വിഷമസന്ധി തരണം ചെയ്യുന്നതിൽ വിദഗ്ദ്ധൻ

പൗലൊസിനോടു ഏറ്റവും അടുത്ത വ്യക്തിയായിരുന്ന തീത്തൊസ് ജാതികളിൽ നിന്നു പരിവർത്തനം ചെയ്യപ്പെട്ടയാളായിരുന്നു. യെരുശലേം കൗൺസിലിൽ പരിച്ഛേദനയുടെ കാര്യത്തിൽ

പരീക്ഷിക്കപ്പെട്ടവനുമാണ് (ഗലാത്യർ 2:3). കൊരിന്ത്യ സഭയിൽ വിവിധ പ്രശ്നങ്ങൾ നേരിട്ടപ്പോൾ അതു പരിഹരിച്ചു സഭയെ ശക്തിപ്പെടുത്തുവാൻ സാരമായ പങ്കു വഹിച്ചവനായിരുന്നു അവൻ (2 കൊരിന്ത്യർ 2:12, 13; 7:6; 8:16-24). പൗലൊസിനെ ആദ്യമായി റോമിലേക്കു തടവിലാക്കുവാൻ കൊണ്ടുപോയപ്പോൾ, പൗലൊസ് തീത്തൊസിനെ ക്രേത്തയിൽ വിട്ടിരുന്നു. അവിടെയുള്ള സഭകളിൽ ഉടലെടുത്ത പ്രശ്നങ്ങൾ പരിഹരിച്ച് അവരെ ബലപ്പെടുത്തുവാനായിരുന്നു അത് (തീത്തൊസ് 1:5). പൗലൊസിനെ പിടിച്ചു തടവിലാക്കുന്നതിനു മുൻപ് പൗലൊസ് തീത്തൊസിനോടു, നിക്കൊപ്പൊലിയിൽ വന്നു അവനെ കാണുവാൻ ആവശ്യപ്പെടുന്നുണ്ട് (തീത്തൊസ് 3:12). പിന്നീട് അവനെ ദൽമത്യയിലേക്കു അയക്കുന്നുണ്ട്. അതു ദക്ഷിണ ഇറ്റലിയുടെ ഭാഗമായിരുന്നു. അതു ഇന്നത്തെ ആധുനിക യുഗൊസ്ലോവിയയാണ്. സഹോദരന്മാർക്കിടയിൽ രൂപപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സമാധാനത്തിൽ സഭയെ ഉത്തേജിപ്പിക്കുക എന്ന നല്ലൊരു അനുഗ്രഹീത ഗുണപാഠമാണ് തീത്തൊസിൽ നിന്നു നാം പഠിക്കുന്നത് (മത്തായി 5:9).

## മർക്കൊസ് (2 തിമൊഥെയൊസ് 4:11) പ്രത്യാഗമന പൈതൽ

ബർന്നബാസിന്റെ മച്ചുനനായിരുന്നു അവൻ. പൗലൊസിന്റെ സുവിശേഷ യാത്രയിൽ ആദ്യത്തെ പങ്കാളിയായിരുന്നു (പ്രവൃത്തി 13:1-3). യെരുശലേമിൽ അറിയപ്പെടുന്ന ഒരു ക്രിസ്ത്യാനിയായിരുന്നു അവന്റെ അമ്മ (പ്രവൃത്തികൾ 12:5). ആദ്യത്തെ മിഷനറി യാത്രയിൽ പൗലൊസിനോടൊപ്പം യാത്ര ചെയ്യുവാൻ തിരഞ്ഞെടുക്കപ്പെട്ടവനുമായിരുന്നു. പള്ളിയിലെ രേഖകൾ സൂക്ഷിക്കുന്ന ഒരു സഹായിയായിരുന്നു അവൻ (ലൂക്കൊസ് 4:20). ആ യാത്രയിൽ നിർഭാഗ്യവശാൽ മർക്കൊസ് പരാജയമായിരുന്നു (പ്രവൃത്തികൾ 13:13). രണ്ടാമത്തെ യാത്രയിൽ മർക്കൊസിനെ കൊണ്ടുപോകുന്ന കാര്യത്തിൽ പൗലൊസിനും ബർന്നബാസിനും ഇടക്ക് എന്തെന്നില്ലാത്ത തർക്കം ഉണ്ടായി (പ്രവൃത്തികൾ 15:36-41). എന്നാൽ പൗലൊസ് പിന്നീട് മർക്കൊസിനെ പ്രയോജനമുള്ളവനായി കണക്കാക്കുന്നുണ്ട്. മർക്കൊസിനെ ഒരു വേലക്കാരനായിട്ടു പൗലൊസ് പന്ത്രണ്ടു വർഷം

മുൻപ് അംഗീകരിച്ചിരുന്നു (കൊലൊസ്യർ 4:10; ഫിലെമോൻ 24). പത്രൊസ് റോമിൽ ആയിരുന്നപ്പോൾ മർക്കൊസ് അവനോടൊപ്പം ഉണ്ടായിരുന്നു (1 പത്രൊസ് 5:13). അവസാനം പൗലൊസിൽ നിന്നു കിട്ടിയ അംഗീകാരം മർക്കൊസിനെ സന്തോഷിപ്പിച്ചിരിക്കും. ദൈവ രാജ്യത്തിൽ ഒരു ഗൗരവമായ തെറ്റ് പ്രയോജനപ്പെടുവാൻ തടസമല്ല എന്ന പാഠമാണ് ഇതിൽ നിന്നു നാം പഠിക്കുന്നത്.

### തിഹിക്കോസ് (2 തിമൊഥെയൊസ് 4:12) ആശ്വാസം പിടിക്കുന്നവൻ

ആസ്യയിൽ നിന്നുള്ള വിശ്വാസിയായിരുന്നു തിഹിക്കോസ് (പ്രവൃത്തി 20:4). താൻ സ്വയമായി പൗലൊസിനെ അനുഗമിച്ച് ഒരുപക്ഷെ അപ്പൊസ്തലന്റെ വ്യക്തിപരമായ ശുശ്രൂഷ ചെയ്തിരിക്കാം. യെരുശലേമിലെ സാധുക്കൾക്കു ധർമ്മശേഖരം എത്തിച്ചു കൊടുക്കാൻ നിയോഗിക്കപ്പെട്ട ഒരു ദൂതനായിരുന്നു അവൻ (പ്രവൃത്തി 20:4; 2 കൊരിന്ത്യർ 8:23). അവൻ ആസ്യക്കാരനായതു കൊണ്ടു ഒനേസിമോസിനോടൊപ്പം എഫേസൊസിലേക്കു ലേഖനങ്ങൾ കൊടുത്തയക്കാൻ അയച്ചിരുന്നു. തീത്തൊസിനു ആശ്വാസമായി തീരുവാൻ പൗലൊസ് തിഹിക്കൊസിനെ ക്രേത്തയിലേക്കു അയക്കുന്നുണ്ട് (തീത്തൊസ് 3:12). തീത്തൊസിനെ ആശ്വസിപ്പിപ്പാൻ അവനെ എഫെസൊസിലേക്കും അയക്കുന്നുണ്ട്. ആശ്വാസം നല്കുന്നവർ പ്രസിദ്ധരായി തീരണമെന്നില്ല. എങ്കിലും പലർക്കും ആവശ്യഘട്ടത്തിൽ ഉപകരിക്കുന്നു എന്നതു വാസ്തവമാണ്.

✶

## ആരാധനക്കു നിങ്ങൾ എന്തുകൊു വന്നിരിക്കുന്നു?

### കെവിൻ ഡി. ബി

ആളുകൾ ആരാധനക്കു വരുമ്പോൾ അവരുടെ കയ്യിൽ പലതും കൊണ്ടുവരാറുണ്ട്. കൊച്ചുകുട്ടികൾ ഉള്ള അപ്പനും അമ്മയും കുട്ടികൾക്കാവശ്യമുള്ള വസ്തുക്കൾ കൊണ്ടുവരാറുണ്ട്. ഭൂരിഭാഗം പേരും അവരുടെ ബൈബിളും പാട്ടു പുസ്തകവും കൊണ്ടു

വരാറുണ്ട്. ചിലർ പ്രസംഗം എഴുതി എടുക്കാൻ പേപ്പറും പേനയും കൊണ്ടുവരാറുണ്ട്. നിങ്ങൾ എല്ലാ ഞായറാഴ്ച്ചയും ഇവയെല്ലാം മറന്നുപോകാതെ കൊണ്ടുവരുന്നുണ്ടാകാം. എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യങ്ങൾ കൊണ്ടുവരാൻ നിങ്ങൾക്കു കഴിയാറുണ്ടോ?

## 1. ബഹുമാനിക്കുന്ന സ്വഭാവം കൊുവരാറുോ?

ആദരവ്, ധ്യാനം, പുകഴ്ച്ച എന്നിവ നാം ദൈവത്തിനു പൂർണ്ണമായി നല്കേണ്ടവരാണ്. ദൈവം മഹാ പരിശുദ്ധനാണ്. അവൻ ആദരണീയനാണ്. ദൈവത്തെ നമസ്ക്കരിക്കുന്നവർ അവരുടെ ഉള്ളിൽ ദൈവത്തിനു എത്ര ഉയർന്ന സ്ഥാനമാണ് നല്കുന്നതു എന്നതു പ്രാധാന്യമുള്ള കാര്യമാണ്. മറ്റു ലൗകികമായ കാര്യങ്ങൾ ചെയ്യുന്നതുപോലെയല്ല നാം ദൈവ മുൻപാകെ ആരാധിക്കുക എന്നത്. ആരാധനയുടെ സ്വഭാവം നമ്മുടെ മനോഭാവം അനുസരിച്ച് വ്യത്യാസം ജനിപ്പിക്കും. മനുഷ്യരുടെ മുൻപിൽ അതു പ്രകടമല്ലെങ്കിലും ദൈവം സകലതും കാണുകയും അറിയുകയും ചെയ്യുന്നുണ്ട്.

സഭയുടെ ആരാധനയിൽ സജീവമായി പങ്കെടുക്കേണ്ടവരാണ് എല്ലാ അംഗങ്ങളും. ഒരു ചടങ്ങിനു മാത്രം വന്നുപോകുന്ന മനോഭാവം തികച്ചും വേദനാജനകമാണ്. ആത്മിയ മനോഭാവം എന്നതു ആത്മിക പ്രബോധനത്തിനും വർദ്ധനവിനും പരിശ്രമിക്കണം. എല്ലാ കാര്യങ്ങളിലും പങ്കാളികളാകാനുള്ള മനോഭാവം അംഗങ്ങൾക്കെല്ലാം ഉണ്ടാകണം. നാം നമുക്കുതന്നെ പ്രാധാന്യം കൊടുക്കാതെ ദൈവത്തിനു മുൻഗണന കൊടുക്കണം. മറ്റു സഹോദരങ്ങളെ ബഹുമാനിക്കുവാനും സ്വീകരിക്കുവാനും നമുക്കു കഴിയണം. ദൈവികത്വത്തെയും ദൈവത്തിന്റെ ശക്തിയെയും മറ്റുള്ളവർക്കു നാം പ്രദർശിപ്പിച്ചു കൊടുക്കണം. ദൈവം നമ്മിൽ പ്രസാദിക്കണമെങ്കിൽ ദൈവേഷ്ടപ്രകാരം നാം ആരാധിക്കണം. ആരാധനക്കു വരുന്ന ഏതൊരാളുടേയും പെരുമാറ്റം വചനപ്രകാരം ആയിരിക്കണം.

## 2. പ്രവർത്തിക്കുന്ന മനസു കൊുവരാറുോ?

ആരാധന എന്നതു നമ്മുടെ ഹൃദയവുമായി ബന്ധിച്ചു കിടക്കുന്ന

ഒന്നാണ്. അതുകൊണ്ട് അതിനു ഒരു പ്രാവർത്തികമായ മനസ് ആവശ്യമാണ്. ആചാരങ്ങളോ ഉത്സവങ്ങളോ കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാമെന്നു വിചാരിക്കുന്നതു വെറുതെയാണ്. ഇസ്രായേൽ ജനങ്ങളുടെ ഹൃദയം ദൈവത്തിൽ നിന്ന് അകന്നപ്പോൾ അവരുടെ യാഗങ്ങളും കാഴ്ച്ചകളും ദൈവം വെറുത്തിരുന്നു. "നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന് എന്നു യഹോവ അരുളിച്ചെയ്യുന്നു. ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച്ച കൊണ്ടു വരരുത്; ധൂപം എനിക്കുവെറുപ്പാകുന്നു: അമാവാസ്യയും ശബ്ബത്തും സഭായോഗം കൂടുന്നതും നീതികേടും ഉത്സവയോഗവും എനിക്കു സഹിച്ചുകൂടാ. നിങ്ങളുടെ അമാവാസ്യകളെയും ഉത്സവങ്ങളെയും ഞാൻ വെറുക്കുന്നു: അവ എനിക്കു അസഹ്യം. ഞാൻ അവ സഹിച്ചു മുഷിഞ്ഞിരിക്കുന്നു. നിങ്ങൾ കൈ മലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറെച്ചുകളയും. നിങ്ങൾ എത്രതന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കുകയില്ല. നിങ്ങളുടെ കൈ രക്തം കൊണ്ടു നിറെഞ്ഞിരിക്കുന്നു. ദൈവം അതിനു പരിഹാരമാർഗ്ഗം ഉപദേശിച്ചു കൊടുക്കുന്നുണ്ട്.

"നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻ മുൻപിൽ നിന്നു നീക്കി കളവിൻ. തിന്മ ചെയ്യുന്നതു മതിയാക്കുവിൻ. നന്മ ചെയ്‌വാൻ പഠിപ്പിൻ. മീഖാ പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാകുന്നു: എന്തൊന്നുകൊണ്ടു ഞാൻ യഹോവയുടെ സന്നിധിയിൽ ചെന്നു അത്യുന്നത ദൈവത്തിന്റെ മുമ്പാകെ കുമ്പിടേണ്ടു? ഞാൻ ഹോമയാഗങ്ങളോടും ഒരു വയസുപ്രായമുള്ള കാളക്കിടാങ്ങളോടും കൂടെ അവന്റെ സന്നിധിയിൽ ചെല്ലേണമോ? ആയിരം ആയിരം ആട്ടുകൊറ്റനിലും പതിനായിരം പതിനായിരം തൈലനദിയിലും യഹോവ പ്രസാദിക്കുമോ? എന്റെ അതിക്രമത്തിനുവേണ്ടി ഞാൻ എന്റെ ആദ്യ ജാതനെയും ഞാൻ ചെയ്ത പാപത്തിനുവേണ്ടി എന്റെ ഉദരഫലത്തെയും കൊടുക്കേണമോ? ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്? ആരാധന എന്നതു കഴിഞ്ഞുപോയ ഒന്നല്ല. വർത്തമാന കാലത്തിൽ നാം

അനുഷ്ഠിക്കേണ്ട കർത്തവ്യമാണ്. സങ്കീർത്തനങ്ങളാലും സ്തുതികളാലും ദൈവത്തെ നമസ്ക്കരിക്കണം. നാം ചെയ്യുന്നതു ദൈവാധികാരത്തിലായിരിക്കണം. പാട്ടു പാടുന്നതും ഹൃദയത്തിൽ നിന്നായിരിക്കണം. ബാഹ്യമായ ഒരു പ്രഹസനം ആകരുത് എന്നർത്ഥം (എഫെസ്യർ 3:16).

ദൈവത്തിനു നാം നല്കുന്നതെല്ലാം സന്തോഷത്തോടെ ആകണം. മനുഷ്യർക്കു കൊടുക്കുന്നതും അങ്ങനെ തന്നെ ആകണം. പഴയ നിയമത്തിൽ ദശാംശം ആയിരുന്നു ജനങ്ങൾ നല്കിയിരുന്നത്. എന്നാൽ പുതിയ നിയമത്തിൽ, അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ ആയിരിക്കണം കൊടുക്കേണ്ടത് (2 കൊരിന്ത്യർ 9:7). പ്രാപ്തി പോലെയും പ്രാപ്തിക്കു മീതെയും കൊടുത്ത മാതൃക നാം പുതിയ നിയമസഭയിൽ കാണുന്നുണ്ട്. ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും. ധാരാളമായി വിതെക്കുന്നവൻ ധാരാളമായി കൊയ്യും. ബൈബിൾ തത്വം മനസിലാക്കി പ്രാവർത്തികമാക്കിയാൽ അതുകൊണ്ടു ഫലമുണ്ടാകും. ഇനി കർത്തൃമേശയുടെ കാര്യം എടുക്കാം. യേശുവിന്റെ മരണത്തെ ഓർക്കുവാനുള്ള ആചാരമാണ് കർത്താവിന്റെ അത്താഴം. അവന്റെ രണ്ടാംവരവുവരെ അഥവാ ഒരു ക്രിസ്ത്യാനിയുടെ മരണംവരെ അനുവർത്തിക്കേണ്ട നിയമമാണത് (1 കൊരിന്ത്യർ 11:23-26). വിവേചനത്തോടുകൂടെ എടുക്കേണ്ട ഒന്നാണിത്. അതിനു മനസ് പ്രവർത്തിക്കണമല്ലോ. പ്രാർത്ഥനയും ഓരോരുത്തരും നടത്തേണ്ടതാണ്. പ്രവർത്തിക്കുന്ന മനസു പ്രാർത്ഥനക്കും ആവശ്യമാണ് (യാക്കോബ് 5:16). ദൈവവചന പഠനവും പ്രബോധനവും ആരാധനയിൽ ഉൾപ്പെടുന്നുണ്ട്. ഇവയ്ക്കും പ്രാവർത്തികമായ മനസുവേണം (പ്രവൃത്തി 2:42, 17:11).

## 3. നിർമ്മല ഹൃദയം കൊടുവന്നിട്ടുണ്ടോ?

സത്യം അനുസരിക്കുന്നതിനാലാണ് ഒരാളുടെ ഹൃദയം ദൈവം വിശുദ്ധീകരിക്കുന്നത്. യേശുവിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കുകയാണ് ചെയ്യുന്നത്. ഏതൊരാളുടേയും ആരാധന നിഷേധിക്കപ്പെടുവാനുള്ള മുഖ്യകാരണം ഹൃദയ ശുദ്ധിയില്ലാതെ ദൈവത്തെ ആരാധിക്കുന്നു എന്നതാണ്. മീഖാ പ്രവാചകൻ അതു വെളിപ്പെടു

ത്തിയിട്ടുണ്ട് (മീഖാ 6:6-8). കാപട്യം ദൈവത്തിനിഷ്ടമല്ല. സത്യ സന്ധതയാണ് ദൈവത്തിനിഷ്ടം.

✶

# ക്രിസ്തീയ ജീവിതം

## ജോണി രാംസെ

ഭൗമിക യാത്രയുടെ പ്രശ്നോത്തരം കണ്ടെത്താൻ ക്രിസ്ത്യാനിത്വത്തിനപ്പുറമായി ഒരു വഴിയുമില്ല. നാം എന്തുകൊണ്ടു ഇവിടെ ആയിരിക്കുന്നു എന്നും നാം എവിടേക്കു പോകുന്നു എന്നതിനെ കുറിച്ചും നാം പലപ്പോഴും അത്ഭുതം കൂറാറുണ്ട്. യാക്കോബ് പറയുന്നതു: നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പ നേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ എന്നാണ് (യാക്കോബ് 4:14). “ജീവനെ ആഗ്രഹിക്കയും ശുഭകാലം കാൺമാൻ ഇച്ഛിക്കയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കി കൊള്ളട്ടെ (1 പത്രൊസ് 3:10). എനിക്കു ജീവിക്കുന്നതു ക്രിസ്തു അത്രെ എന്നാണ് അപ്പൊസ്തലനായിരുന്ന പൗലൊസ് പറഞ്ഞതു (ഫിലിപ്പിയർ 1:21). ക്രിസ്തുവിന്നു വേണ്ടി ജീവിക്കുമ്പോഴാണ് ഒരു ജീവിതം യഥാർത്ഥത്തിൽ ഉദ്ദേശമുള്ളതായി തീരുന്നത്. നമ്മുടെ രക്ഷകൻ ഇതു വളരെ ഭംഗിയായി പ്രകടിപ്പിക്കയുണ്ടായി (യോഹന്നാൻ 10:10).

അവർക്കു ജീവൻ ഉണ്ടാകുവാനും, സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രെ ഞാൻ വന്നിരിക്കുന്നതു എന്നാണ് കർത്താവു അരുളിച്ചെയ്തതു.

ഉദ്ദേശം എന്ന വാക്കിൽ, ധ്യാനം, തീരുമാനം, തീർച്ച, ആസൂത്രണം എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. നമ്മുടെ വീണ്ടെടുപ്പുകാരൻ ഇവയെല്ലാം നമുക്കു തരുന്നുണ്ട്. ജീവിതത്തിന്റെ സാരാംശം അതു നല്കുന്നുണ്ട്. ദാനിയേൽ, തന്നെത്താൻ മലിനമാക്കുകയില്ല എന്നു അവൻ തന്റെ ഹൃദയത്തിൽ ഉറപ്പിച്ചു (ദാനിയേൽ 1:8). ഹൃദയനിർണ്ണയത്തോടുകൂടെ കർത്താവിനോടു ചേർന്നു നില്ക്കുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. മോശെയുടെ ഒരു പ്രസ്താവന

ഈ അവസരത്തിൽ എടുക്കുന്നതു ഉചിതമായിരിക്കും. "ഈ ന്യായ പ്രമാണത്തിലെ വചനങ്ങൾ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നിങ്ങൾ നിങ്ങളുടെ മക്കളോടു കല്പിപ്പാന്തക്കവണ്ണം ഞാൻ ഇന്നു നിങ്ങൾക്കു സാക്ഷീകരിക്കുന്ന സകല വചനങ്ങളും മനസ്സിൽ വെച്ചു കൊൾക (ആവർത്തന പുസ്തകം 32:46). ഈ ലോക ജീവിതത്തിൽ നിന്നു നാം സമ്പാദിച്ച പണമോ പ്രസിദ്ധിയോ ഒന്നും എടുത്തു കൊണ്ടു പോകാൻ സാദ്ധ്യമല്ല. എന്നാൽ നീതിയുടെ സ്വാധീനം നമുക്കു കൊണ്ടുപോകാൻ കഴിയും. നാം അന്ത്യനാളിൽ കർത്താവിന്റെ സന്നിധിയിൽ നില്ക്കുമ്പോൾ, നാം ഭൂമിയിൽ എങ്ങനെ ജീവിച്ചു എന്നതു പ്രാധാന്യമുള്ളതായി തീരുന്നു. നിങ്ങൾ ഒരു ക്രിസ്ത്യാനിയല്ലെങ്കിൽ ജീവിക്കുവാനുള്ള പ്രേരണാശക്തി നിങ്ങളിൽ കുറവായിരിക്കും.

ധനികന്മാർ ആകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു (1 തിമൊഥെയൊസ് 6:9).

ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശം വാസ്തവമായി നല്കുന്നതു ക്രിസ്ത്യാനിത്വത്തിൽ മാത്രമാണ്. ഈ ലോകം മുഴുവനും എടുത്തു നോക്കിയാലും യേശുക്രിസ്തുവിനോളം വരികയില്ല. നമുക്കു വ്യക്തിപരമായി ശക്തനായ ഒരു രക്ഷകനാണുള്ളത്. അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു: അവൻ എന്റെ ഉപനിധി അവസാനം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു (2 തിമൊഥെയൊസ് 1:12). ക്രിസ്തു നമ്മിൽ ജീവിക്കുന്നുവെങ്കിൽ നമുക്കു മഹത്വത്തിന്റെ പ്രത്യാശയുണ്ട് എന്നർത്ഥം (ഗലാത്യർ 2:20; കൊലൊസ്സ്യർ 1:27). നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റുവാൻ താല്പര്യമുള്ളവനാണ് നമ്മുടെ പാപങ്ങൾ എല്ലാം തന്റെ ശരീരത്തിൽ വഹിച്ചു ക്രൂശിൽ മരിച്ചത്. നമ്മുടെ ദുഃഖത്തിൽ, രോഗത്തിൽ, നിരാശയിൽ എല്ലാം അവൻ നമ്മുടെ ആശ്വാസദായകനാണ്. നമ്മുടെ തുടർച്ചയായ നല്ല ഇടയനാണവൻ. താങ്കൾ ഒരു ക്രിസ്ത്യാനിയാണോ?

## ജീവിതം എന്നാൽ എന്ത്?

രക്ഷകൻ സ്വർഗ്ഗം വിട്ട് ഈ ഭൂമിയിൽ വന്നില്ലായിരുന്നെങ്കിൽ ക്രിസ്ത്യാനിത്വത്തിലെ വിലയുള്ള അനേക കാര്യങ്ങൾ കൃപയാൽ ലഭിക്കുമായിരുന്നില്ല. സുവിശേഷ യുഗത്തിലെ ആഴമേറിയ ധനം കൂടാതെ നമ്മുടെ ദൈനന്തിന ജീവിതം അർത്ഥ ശൂന്യമാകുമായിരുന്നു. പുതിയനിയമ ക്രിസ്ത്യാനിത്വത്തിന്റെ ഉജ്ജ്വല പ്രഭാവത്തോടു നാം വളരെയധികം കടപ്പെട്ടിരിക്കുന്നു. മശിഹ തരുന്നതുമായി ഈ ലോകത്തിലെ മഹത്തായ എന്തും താരതമ്യം ചെയ്താൽ ലൗകികമായതു ഒന്നുമല്ല എന്നു കാണാം. വിശ്വസ്തരായി ജീവിച്ച ദൈവമക്കൾ എല്ലാം പാടിയതും പറഞ്ഞതും ഒന്നേ ഒന്നു മാത്രം. "ലോകത്തെ എടുത്തുകൊള്ളൂ, ക്രിസ്തുവിനെ ഞങ്ങൾക്കു തരൂ" എന്നാണത്.

ക്രിസ്തുവിന്നപ്പുറമായി ജീവിതത്തിന്റെ ശരിയായ ഉദ്ദേശം കണ്ടെത്താൻ ശ്രമിക്കുന്നതു വെറുതെയാണ്. കർത്താവും സ്വർഗ്ഗീയ സന്ദേശവും നമ്മിൽ പ്രവേശിക്കുമ്പോഴാണ് നമ്മുടെ ചിന്ത നേർ വഴിക്കു തിരിയുന്നത്. സാങ്കല്പികത്വത്തിൽ നിന്നു ലക്ഷ്യ ബോധത്തിലേക്കു മാറുന്നതു അപ്പോഴാണ്. വീണ്ടെടുപ്പുകാരൻ വഴി നടത്തി നമ്മെ എല്ലാം പുതുതാക്കിയ സ്ഥലത്തേക്കു കൊണ്ടു പോകുന്നു (വെളിപ്പാട് 21:1-5).

ഈ ഭൂമിയിലെ നമ്മുടെ ജീവിത യാത്രയിൽ യേശുവിന്റെ സംഭാവനകൾ ആയി പറഞ്ഞിരിക്കുന്ന ധാരാളം കാര്യങ്ങൾ ഉണ്ട് (1 പത്രൊസ് 2:11). അതു സ്വീകരിക്കുവാൻ നിങ്ങളും തയ്യാറാകുക.

1. എല്ലാ ആത്മിയ അനുഗ്രഹങ്ങളും - എഫെസ്യർ 1:3
2. പുതിയ ജീവനുള്ള വഴി - എബ്രായർ 10:20
3. നമ്മുടെ തികഞ്ഞ മാതൃക - എബ്രായർ 4:15
4. പാപത്തെ സ്പഷ്ടമായി നിർവ്വചിച്ചു - യോഹന്നാൻ 15:22
5. രക്ഷ പൂർണ്ണമായി - എബ്രായർ 7:25
6. സാത്താനെ പരാജയപ്പെടുത്തി - യോഹന്നാൻ 12:31-33
7. സ്വർഗ്ഗം പ്രവേശിക്കത്തക്കതായി - എബ്രായർ 6:18-20
8. പാപികളെ വിശുദ്ധന്മാരാക്കി - 1 തിമൊഥെയൊസ് 1:15
9. നമ്മിൽ ദൈവത്തിന്റെ കൃപ - 1 കൊരിന്ത്യർ 15:10
10. ഒരിക്കലും നമ്മെ ഉപേക്ഷിക്കാത്തവൻ - എബ്രായർ 13:5-6.

നാം ഈ സത്യത്തെ തിരിച്ചറിയുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥവത്താണെന്നു ബോധ്യപ്പെടുന്നത്. ജീവിതം എന്നാൽ എന്താണെന്നു നമ്മെ പഠിപ്പിച്ചതു നമ്മുടെ രക്ഷകനാണ്. കോടിക്കണക്കിനു ആളുകൾ ഈ ഭൂമിയിൽ ജീവിച്ചു കടന്നുപോയിട്ടുണ്ട്. രക്ഷകനെ കൂടാതെ ജീവിച്ചവർക്കും ജീവിക്കുന്നവർക്കും പ്രത്യാശയില്ല. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും പ്രത്യാശ നല്കുന്ന ദൈവത്തിനു സ്തോത്രം.

✶

# മനുഷ്യനെ ഓർക്കേണ്ടതിനു അവൻ എന്തു മാത്രം?

## W.A. ഫോളെ

സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ വിശുദ്ധന്മാർ പരസ്പരം അറിയുമോ? അറിയും. ധനവാനെയും ലാസറെയും തമ്മിൽ വലിയൊരു പിളർപ്പ് വേർതിരിച്ചെങ്കിലും അവർ പരസ്പരം തിരിച്ചറിഞ്ഞു. ഏലിയാവും മോശെയും നൂറ്റാണ്ടുകൾക്കുമുൻപ് മരിച്ചെങ്കിലും അവരുടെ തിരിച്ചറിവ് പ്രകടമായിരുന്നു. അബ്രഹാം, ഇസഹാക്ക്, യാക്കൊബ് എന്നിവരും അങ്ങനെ തന്നെ.

ജഡിക ബന്ധത്തിനു സ്വർഗ്ഗത്തിൽ സ്ഥാനമില്ല. ഏഴു സഹോദരന്മാരെ വിവാഹം ചെയ്ത ഒരു സ്ത്രീ പുനരുത്ഥാനത്തിൽ ആരുടെ ഭാര്യയായിരിക്കും എന്ന ചോദ്യത്തിനു, അതിനുശേഷം വിവാഹമില്ല എന്നു യേശു പറയുന്നുണ്ട് (മത്തായി 22:23-33; മർക്കൊസ് 12:18-27; ലൂക്കൊസ് 20:27-39). ദൈവശക്തിയെയും തിരുവെഴുത്തുകളെയും കുറിച്ച് അറിവില്ലായ്കയാലത്രെ സദൂക്യർ തെറ്റി പോകുന്നത് എന്നാണ് കർത്താവ് പറഞ്ഞത്.

എല്ലാ കാലത്തിലും ജീവിച്ച ദൈവ മക്കളുടെ ഒത്തൊരുമിക്കൽ നടക്കാൻ പോകയാണ്. ദൈവത്തെ അനുസരിക്കാതെ ജീവിച്ച ആളുകളൊക്കെയും ഒത്തുചേരും. അവസാനം ഒരു സ്ഥലത്തു രണ്ടു കൂട്ടമായി ജീവിക്കും. ദൈവത്തെ അനുസരിച്ച് ജീവിച്ചവർ ദൈവത്തോടുകൂടെയും മറ്റുള്ളവർ ദൈവത്തിൽ നിന്ന് വിട്ടകന്നു നിത്യശിക്ഷയിലും ആയിരിക്കും. നിങ്ങൾ കർത്താവിന്റെ സുവിശേഷം

അനുസരിച്ച് അവന്റെ സഭയിൽ വിശ്വസ്തമായി മരണത്തോളം ജീവിച്ചാൽ പ്രത്യാശയുണ്ട്. അല്ലെങ്കിൽ മരണശേഷം നിങ്ങൾക്കു ഒന്നും ചെയ്യാൻ സാദ്ധ്യമല്ല എന്നോർക്കുക.

✶

# വിശ്വസ്തമായ ചൊല്ലുകൾ

## മെൽ ഫ്യൂദ്രൽ

പഴഞ്ചൊല്ലുകൾ നമ്മൾ എല്ലാവരും കേട്ടിട്ടുണ്ട്. ആകയാൽ അതു സുപരിചിതമാണ്. പഴഞ്ചൊല്ലിൽ പതിരില്ല എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ അതു പൂർണ്ണമായും ശരിയല്ല. മനുഷ്യരുടെ ഊഹാപോഹങ്ങൾ മാത്രമായ പഴഞ്ചൊല്ലുകളിൽ പഴുതുകൾ ഉണ്ടാകും. പക്ഷെ വിശ്വസ്തമായ ചൊല്ലുകളിൽ കഴമ്പുണ്ട്. അതു തീർച്ചയായും ശരിയായിരിക്കും. അതിനു വിലയുമുണ്ടാകും. അങ്ങനെയുള്ള വിശ്വാസയോഗ്യമായ ചൊല്ലുകളെയാണ് ഇവിടെ പരാമർശിക്കുന്നത്. യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസയോഗ്യമാകുന്നു. അതു അല്പബുദ്ധിയെ ജ്ഞാനി യാക്കുന്നു (സങ്കീർത്തനങ്ങൾ 19:7). 'എന്റെ അപ്പൻ എന്നോടു പറഞ്ഞിട്ടുണ്ട്' ; 'അല്ലെങ്കിൽ പണ്ടാരോ പറഞ്ഞിട്ടുണ്ട്' എന്നെല്ലാം പറഞ്ഞിട്ടു ചില ചൊല്ലുകൾ ഗുണപാഠമായി സ്വീകരിക്കാനായി ആളുകൾ പറഞ്ഞുകേട്ടിരിക്കുമല്ലോ; 'നിങ്ങൾ അതു എഴുതി എടുക്കുക അല്ലെങ്കിൽ കാണാതെ പഠിക്കുക'; 'എന്നെങ്കിലും അതു സത്യമാണെന്നു ബോധ്യമാകും' എന്നെല്ലാം പറയാറുണ്ട്. സുപ്രധാനമായ ഏതാനും ചൊല്ലുകൾ ഇവിടെ വിശദീകരിക്കാം. അവയുടെ വിശ്വസ്തതയും പരിശോധിക്കുക.

വിശ്വസനീയമായതും എണ്ണിക്കൂടാത്തതുമായ അനവധി ചൊല്ലുകൾ ബൈബിളിൽ ഉണ്ട്. ബൈബിൾ ദൈവവചനമാകയാൽ എല്ലാ തിരുവെഴുത്തും ദൈവശ്വാസീയം തന്നെ (2 തിമൊഥെയൊസ് 3:16-17).

✶

# വാർത്തകൾ

## വാഴ്സിറ്റി കലോൽസവത്തിനു തിരി തെളിഞ്ഞു

നാട് ചിലങ്കകെട്ടിയ സായംസന്ധ്യയിൽ കേരള സർവകലാശാലാ കലോൽസവത്തിനു വർണാഭമായ തുടക്കം. ആരാധകരുടെ ആവേശം അണപൊട്ടിയ മുഹൂർത്തത്തിൽ നടൻ മോഹൻലാൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു.

✶

## മുങ്ങിയ പട്ടയം മൂന്നു വർഷത്തിനുശേഷം പൊങ്ങി

താലൂക്ക് ഓഫീസിൽ 'മുങ്ങിയ' പട്ടയം മൂന്നുവർഷത്തിനുശേഷം പൊങ്ങി. പെരുമാതുറ ബർക്കത്ത് മണമേൽ ബംഗ്ലാവിൽ അസീമിനാണ് ഏറെ വൈകിയാണെങ്കിലും തന്റെ കൈവശമുള്ള 7.25 സെന്റിന്റെ പട്ടയത്തിന്റെ നേർപ്പകർപ്പ് ചിറയിൻകീഴ് തഹസിൽദാർ ഓഫീസിൽ നിന്നു ലഭിച്ചത്.

✶

## റാലികൾ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കരുത്

റാലികളുടേയും പ്രകടന ങ്ങളുടേയും പേരിൽ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കരുതെന്നു ഹൈക്കോടതി. എസ്എൻഡിപി യോഗം സംഘടിപ്പിച്ച മഹാറാലി ഹൈക്കോടതിയുടെ മുൻഉത്തരവുകൾ പാലിച്ച്, സമാധാനപരമായി നടത്തണമെന്നു നിർദ്ദേശിച്ചുകൊണ്ടാണ് ചീഫ് ജസ്റ്റിസ് എസ്. ആർ. ബന്നൂർമഠ്, ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്.

✶

*Watch!*

# SATHYANADAM

# TV PROGRAM

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## സംസ്ഥാനത്ത് ജനന രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചു

ജനന സമയത്തിടുന്ന പേരുകൾ സ്കൂളിൽ ചേർക്കുമ്പോൾ മാതാപിതാക്കൾക്ക് ഇഷ്ടപ്രകാരം മാറ്റാൻ അനുവാദം നൽകി ജനന-മരണ രജിസ്ട്രേഷൻ നടപടിക്രമം ലഘൂകരിച്ചു.

★

## ഹെയ്ത്തി കാക്കാൻ ഇന്ത്യൻ സേന

ഭൂകമ്പത്തിൽ തകർന്നടിഞ്ഞ ഹെയ്ത്തിയിൽ ബാങ്കുകൾ ഉൾപ്പെടെയുള്ള തന്ത്രപ്രധാന സ്ഥാപനങ്ങളെ കൊള്ളയടി സംഘങ്ങളിൽ നിന്നു സംരക്ഷിക്കുന്ന ചുമതല ഇന്ത്യൻ സേന ഏറ്റെടുത്തു. യുഎൻ സമാധാന സേനയിലൂടെ ഹെയ്ത്തി യിലെത്തിയ കേന്ദ്ര വ്യവസായ സംരക്ഷണ സേനാ യൂണിറ്റാണ് ശ്രീകാന്ത് കിഷോറിന്റെ നേതൃത്വത്തിൽ ശ്രമകരമായ ദൗത്യ ത്തിലുള്ളത്.

★

## ബ്ലേഡിൽ നിന്നു കടമെടുത്ത കർഷകർക്കു ആശ്വാസം

സ്വകാര്യ പണമിടപാടുകാരിൽ നിന്നു കടം വാങ്ങി കെണിയിലകപ്പെട്ട കർഷകരുടെ പ്രശ്നങ്ങളെ കുറിച്ചു പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനുമുള്ള കേന്ദ്ര സംഘം കേരളത്തിലെത്തി.

★

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 February**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11

Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378